പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 44 — 28 /06/2012 - ൽ മറുപടിക്ക്

## പട്ടണങ്ങളിലെ/മെഡിക്കൽ കോളേജ് പരിസരത്തെ ഭക്ഷണശാലകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.തിലോത്തമൻ | **ശ്രീ. അനൂപ് ജേക്കബ്** (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

(എ) കേരളത്തിലെ പ്രധാന പട്ടണങ്ങളിലും ആശുപത്രികൾക്ക് സമീപവും ഉള്ള ബഹുഭൂരിപക്ഷ കച്ചവട സ്ഥാപനങ്ങളും ഭക്ഷണശാലകളും ജനങ്ങളിൽ നിന്നും അമിതമായ വില ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ എന്തു നടപടി കൈക്കൊള്ളുമെന്ന് പറയുമോ;

(ബി) കോട്ടയം മെഡിക്കൽ കോളേജിന്റെ പരിസരങ്ങളിലുള്ള ഭക്ഷണശാലകളിലെയും മെഡിക്കൽ കോളേജ് ക്യാന്റീൻ അടക്കമുള്ള സ്ഥാപനങ്ങളിലെയും സാധനങ്ങൾക്ക് വില നിശ്ചയിക്കുന്നത് ആരാണെന്ന് പറയുമോ; അമിത വില ഈടാക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കാനും സപ്ലൈകോയുടെ ഉടമസ്ഥതയിൽ നല്ല ഗുണനിലവാരത്തിലും മിതമായ വിലയിലും ഭക്ഷണ സാധനങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

(എ) യും (ബി) യും: ആവശ്യ വസ്തുക്കൾക്ക് വില കൂടുന്നതിന് ആനുപാതികമായി ഭക്ഷണ സാധനങ്ങൾക്ക് വില വർദ്ധിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. മെഡിക്കൽ കോളേജിന്റെ പരിസരത്തുള്ള ഭക്ഷണ ശാലകളിലെയും മെഡിക്കൽ കോളേജ് കാന്റീൻ അടക്കമുള്ള സ്ഥാപനങ്ങളിലെയും സാധനങ്ങൾക്ക് ഇപ്പോൾ വില നിശ്ചയിക്കുന്നത് സ്ഥാപന ഉടമകൾ തന്നെയാണ്. ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനോ, നിയന്ത്രിക്കുന്നതിനോ ആവശ്യമായ നിയമം ഇപ്പോൾ നിലവിലില്ല. 1977 ലെ കേരള ഫുഡ് സ്റ്റഫ്സ് ഓർഡർ (ഡിസ്പ്ലേ ഓഫ് പ്രൈസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്സ്) അനുസരിച്ച് ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വില പ്രദർശിപ്പിക്കേണ്ടതാണ്. ഇപ്രകാരം വില വിവരം പ്രദർശിപ്പിക്കാത്തവർക്കെതിരെ അവശ്യ വസ്തു നിയമ പ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്. നിലവിലുള്ള സംവിധാനം ഉപയോഗിച്ച് സപ്ലൈകോ വഴി ഭക്ഷണസാധനങ്ങൾ പാചകം ചെയ്ത് വിപണനം നടത്തുന്നത് പ്രായോഗികമല്ല.

സെക്ഷൻ ഓഫീസർ